പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .1902 — 17.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കുംവേണ്ടി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും വേണ്ടി നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്നും അവയ്ക്കുവേണ്ടി എത്ര തുക വിനിയോഗിച്ചു എന്നും വിശദമാക്കുമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്കായി 20 ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെന്നോ, തീരദേശ മത്സ്യത്തൊഴിലാളികളെന്നോ വ്യത്യാസമില്ല. അനുബന്ധത്തൊഴിലാളികൾക്കായി 9 ക്ഷേമ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളി ക്ഷേമപദ്ധതികൾക്കായി ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെയായി 3911.51 ലക്ഷം രൂപയും അനുബന്ധത്തൊഴിലാളികൾക്കായി 469.62 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. മത്സ്യബോർഡ് മുഖേന നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നും ഇവയ്ക്കുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ; ചേർത്തല മണ്ഡലത്തിലെ തണ്ണീർമുക്കം, മുഹമ്മ, പട്ടണക്കാട്, കടക്കരപ്പള്ളി തുടങ്ങിയ | (ബി) | ഉൾനാടൻ മേഖലയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി നാല് ശീതീകരണ സംഭരണി (ചിൽ റൂം) സ്ഥാപിക്കുന്നതിന് 23 ലക്ഷം രൂപ മത്സ്യഫെഡ് മുഖേന ചെലവഴിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം ആലപ്പുഴ ജില്ലയിലെ നിലംപേരൂർ, തണ്ണീർ മുക്കം എന്നി ഉൾനാടൻ മേഖലയിലും രണ്ടെണ്ണം |

| | | | |
|---|---|---|---|
| | പ്രദേശങ്ങളിലെ ഉൾനാടൻ മത്സ്യമേഖലയുടെ അഭിവൃദ്ധിക്ക് ചെലവഴിച്ച തുകയും വ്യക്തമാക്കുമോ; | | കോട്ടയം ജില്ലയിലെ തിരുവാർപ്പ്, മറവൻതുരുത്ത് എന്നീ ഉൾനാടൻ മേഖലകളിലുമാണ് സ്ഥാപിക്കുന്നത്. ഇതിൽ മൂന്നെണ്ണം (കോട്ടയം ജില്ലയിൽ രണ്ട് ആലപ്പുഴ ജില്ലയിലെ നീലം പേരൂർ ഒന്ന്) സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു. തണ്ണീർ മുക്കത്ത് ചിൽ റൂമിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.<br>തണ്ണീർ മുക്കം, മുഹമ്മ, പട്ടണക്കാട്, കടക്കരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ 993 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് മത്സ്യക്കച്ചവടത്തിനായി 120.80 ലക്ഷം രൂപ പലിശ രഹിത വായ്പയായി നൽകിയിട്ടുണ്ട്. ഈ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളി സ്വയം സഹായ സംഘങ്ങളിലെ 407 അംഗങ്ങൾക്ക് 35.66 ലക്ഷം രൂപയുടെ മൈക്രോ ഫിനാൻസ് വായ്പയും ഈ സർക്കാർ അധികാരമേറ്റ ശേഷം നൽകിയിട്ടുണ്ട്. കൂടാതെ, ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗമായിട്ടുള്ള ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ടി പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും കുടുംബത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ, മത്സ്യമേഖലയിലെ അനുബന്ധതൊഴിലാളികളുടെയും ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിലാളികളുടെയും കുടുംബങ്ങൾക്കും കുട്ടികൾക്കും ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്കും ഇത് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ, മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികളുടെയും, ഉൾനാടൻ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളുടെയും കുട്ടികൾക്ക് ലഭിക്കുന്നില്ല. ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

Jayasree

സെക്ഷൻ ഓഫീസർ

അനുബന്ധം

## ...ത്സ്യത്തൊഴിലാളി ക്ഷേമപദ്ധതി:

| ...ന | പദ്ധതി | നിലവിലെ ധനസഹായതുക |
|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | 400/-രൂപ പ്രതിമാസം |
| 2. | വിധവാ പെൻഷൻ | പ്രതിമാസം 400/-രൂപ |
| 3. | ഗ്രൂപ്പ് ഇൻഷ്വുറൻസ് പദ്ധതി: | |
| | എ) അപകട മരണത്തിന്/മത്സ്യബന്ധനവേളയിൽ കാണാതാകൽ | 300000/-രൂപ |
| | ബി). ശാശ്വത/പൂർണ്ണ അവശത | 300000/-രൂപ |
| | സി) ശാശ്വത/ഭാഗിക അവശത | 150000/-രൂപ |
| | ഡി) അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | ഒരു കുട്ടിക്ക് 5000/- രൂപ പ്രകാരം പരമാവധി 10000/-രൂപ. |
| | ഇ) ശവസംസ്ക്കാര ചടങ്ങിന് ധനസഹായം | പരമാവധി 2000/-രൂപ |
| | എഫ്) ആശുപത്രി ചികിത്സക്ക് ധനസഹായം | പരമാവധി 20000/- |
| 4. | വള്ളം, എഞ്ചിൻ എന്നിവയുടെ നാശനഷ്ടങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി (മത്സ്യ സുരക്ഷ). | നിർണ്ണയ വിലയു ടെ 75% തുക ധനസഹായം |
| 5. | മത്സ്യബന്ധസമയത്തൊതൊട്ടു പിന്നാലെയൊ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണം ആശ്രിതർക്ക് ധനസഹായം | 20,000/- |
| 6. | പെൺമക്കളുടെ വിവാഹ ധനസഹായം | 2000/- |
| 7. | ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം: | 600 |
| 8. | അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായം | 500 |
| 9. | മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക ധനസഹായം | 5000 |
| 10. | എസ്.എസ്.എൽ.സി.ക്യാഷ് അവാർഡ്:- | |
| | 10എ+ ലഭിക്കുന്നവർക്ക് | 5000 |
| | 9എ+ ലഭിക്കുന്നവർക്ക് | 4000 |
| | 8എ+ ലഭിക്കുന്നവർക്ക് | 3000 |
| | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡു ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) | 3000 |

/12 2012 14:03 FAX

| | | |
|---|---|---|
| 11 | കുടുംബ സംവിധാന പദ്ധതി | 500/- |
| 12 | മാരക രോഗ ചികിൽസാ ധനസഹായം | 50,000 |
| 13 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000 |
| 14 | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം | 750 |
| 15 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>പ്ലസ് 2, പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് വൊക്കേഷണൽ<br>ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ നേടുന്നവർക്ക് | 5000/- |
| 16 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് തീരുമാനപ്രകാരം |
| 17 | ബോധവൽക്കരണ പരിപാടി | ഫിഷറീസ് ഡയറക്ടർ തുക അനുവദിക്കും പ്രകാരം. |
| 18 | മത്സ്യത്തൊഴിലാളി കുട്ടികൾ പഠിക്കുന്ന കടലോര ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകൾക്ക് എസ്.എസ്.എൽ.സി.പരീക്ഷക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് ധനസഹായം | 10,000<br>20,000(school HS) |
| 19 | മത്സ്യത്തൊഴിലാളി കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കായിക വിനോദ പ്രോത്സാഹനത്തിന് ധനസഹായം. | 25000/- |
| 20 | കായിക വിനോദ മത്സരങ്ങളിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം<br>എ) ദേശീയതലത്തിൽ ഒന്നാം സ്ഥാനംനേടുന്നവർക്ക്<br>ബി)രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>സി)മൂന്നാം സ്ഥാനം നേടുന്നവർക്ക് | <br><br>10,000<br>8000<br>5000 |

അനുബന്ധത്തൊഴിലാളിക്ഷേമ പദ്ധതി

| | | |
|---|---|---|
| 1. | വാർദ്ധക്യകാല പെൻഷൻ | 400പ്രതിമാസം |
| 2. | ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി:<br>എ) അപകട മരണത്തിന്.<br>ബി) ശാശ്വത/പൂർണ്ണ അവശത<br>സി) ശാശ്വത/ഭാഗിക അവശത<br>ഡി) ആശുപത്രി ചികിത്സക്ക് ധനസഹായം<br>ഇ) ശവസംസ്ക്കാര ചടങ്ങിന് ധനസഹായം<br>എഫ്) അപകടമരണമടഞ്ഞ അനുബന്ധത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | <br>300000/-<br>300000/-<br>150000/-<br>20000/-<br>2000/-<br>5000-10000 |

2/12 2012 14:03 FAX

| | | |
|---|---|---|
| 3. | പ്രസവ ശുശ്രൂഷക്കുള്ള ധനസഹായം | 750 |
| 4. | അനുബന്ധത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം | 5000 |
| 5. | എസ്.എസ്.എൽ.സി.അവാർഡ്: | 5000 |
| | 10എ+ ലഭിക്കുന്നവർക്ക് | 4000 |
| | 9 എ+ ലഭിക്കുന്നവർക്ക് | 3000 |
| | 8 എ+ ലഭിക്കുന്നവർക്ക് | |
| 6. | രോഗ ചികിൽസാ ധനസഹായം | 25000 |
| 7. | അനുബന്ധത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 1500 |
| 8. | കുടുംബസംവിധാന പദ്ധതി | 500 |
| 9. | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം: പ്ലസ് 2, പരീക്ഷയിൽ എല്ലാ വിഷയത്തിലുംഎ+ലഭിക്കുന്നവർക്ക് വൊക്കേഷണൽ ഹയർസെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ ലഭിക്കുന്നവർക്ക് | 5000 |

2/12 2012 14:04 FAX